19820
7/12/16

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- എയ്ഡ്സ് രോഗം മൂലം മരണമടഞ്ഞ ജോയിയുടെ മൂന്ന് കുട്ടികളെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(എം.എസ്) നം.55/2016/സാനീവ തീയതി, തിരുവനന്തപുരം, 23.11.2016

## ഉത്തരവ്

നെടുമങ്ങാട് പാലോട് കട്ടവപ്പാറ തടത്തരികത്ത് വീട്ടിൽ ജോയി എയ്ഡ്സ് രോഗം മൂലം 19.12.2013 ന് മരണമടഞ്ഞു. പരേതനായ ജോയിയുടെ മൂന്ന് കുട്ടികളെ മാനുഷിക പരിഗണന നല്കി പ്രത്യേക കേസായി പരിഗണിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്ന സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ. ഷാജഹാൻ**
ഗവൺമെന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
ശ്രീമതി.എൽസി, കട്ടവപ്പാറ തടത്തരികത്ത് വീട്, പാലോട്, പച്ച പി.ഒ., നെടുമങ്ങാട് തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര-പൊതുജനസമ്പർക്ക വകുപ്പ്
വെബ് & ന്യൂ മീഡിയ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1016889/2016/SJD(OS)

10135/4

SOCIAL JUSTICE DEPARTMENT 19 NOV 2016

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-11-2016.

ഫയൽ നം.83260/ഡിആർഎഫ്-എ1/2015/റവ | ഇനം നം: 469

വിഷയം : റവന്യൂ വകുപ്പ് - നെടുമങ്ങാട്, പച്ച പി.ഒ., പാലോട്, കടുവാപാറ തടത്തരികത്തു വീട്ടിൽ ജോയിയുടെ മൂന്നു കുട്ടികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാമ്പത്തിക സഹായവും സാമൂഹ്യ നീതി വകുപ്പിൽ നിന്ന് മറ്റെന്തെങ്കിലും സഹായങ്ങളും അനുവദിക്കാമോ എന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ :

1) അംഗീകരിച്ചു. മൂന്ന് കുട്ടികളുടെയും സുരക്ഷിത ഭാവിക്കും വിദ്യാഭ്യാസത്തിനുമായി ഓരോ കുട്ടിക്കും രണ്ട് ലക്ഷം രൂപ (2,00,000/- രൂപ) വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത തുക കുട്ടികളുടെ പേരിൽ ദേശസാത്കൃത ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നതിനും, പലിശ കുട്ടികളെ സംരക്ഷിക്കുന്ന ശ്രീമതി എൽസിക്ക് (പരേതനായ ജോയിയുടെ മാതാവ്) ലഭിക്കത്തക്ക വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും, പതിനെട്ട് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ കുട്ടികൾക്കും നിക്ഷേപം പിൻവലിച്ച് തുക അവർക്ക് ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

2) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 83260/ഡിആർഎഫ് എ1/2015/റവ |
| 2 | വകുപ്പ് | : റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് |
| 3 | വിഷയം | : നെടുമങ്ങാട് പച്ച.പി.ഒ., പാലോട്, കട്ടറ[illegible] തടത്തരികത്ത് വീട്ടിൽ ജോയിയുടെ മൂന്ന് കുട്ടികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാമ്പത്തിക സഹായവും സാമൂഹ്യ നീതി വകുപ്പിൽ നിന്ന് മറ്റെന്തെങ്കിലും സഹായങ്ങളും അനുവദിക്കാമോ എന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 05/10/2016 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിൻെറ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. ഷീല കെ. എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീ. പി.എച്ച്. കുര്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 05/11/2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. എസ്.എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 07/11/2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 08/11/2016 |
| 14 | കുറിപ്പിൻെറ പകർപ്പുകൾ സമർപ്പിച്ച തീയതി | : 08/11/2016 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിൻെറ നമ്പറും തീയതിയും. | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) നെടുമങ്ങാട് പച്ച.പി.ഒ. പാലോട്, കട്ടവാപാറ തടത്തരികത്ത് വീട്ടിൽ പരേതനായ ജോയിയുടെ മൂന്നു കുട്ടികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാമ്പത്തിക സഹായവും സാമൂഹ്യ നീതി വകുപ്പിൽ നിന്ന് മറ്റെന്തെങ്കിലും സഹായങ്ങളും അനുവദിക്കാമോ എന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ഹൃദയസംബന്ധമായ രോഗത്താൽ ജോയി 19/12/2013-ന് മരണമടഞ്ഞു. അദ്ദേഹത്തിന്റെ മൂന്ന് കുട്ടികൾ (രണ്ട് ആൺ കുട്ടികളും ഒരു പെൺകുട്ടിയും - എല്ലാവരും വിദ്യാർത്ഥികളാണ്) ടിയാന്റെ അമ്മ ശ്രീമതി. എൽസിയുടെ സംരക്ഷണയിലാണ് കഴിയുന്നത്. കുട്ടികളുടെ അമ്മ കുടുംബം ഉപേക്ഷിച്ച് മറ്റൊരു വിവാഹം ചെയ്തു. ശ്രീമതി. എൽസിയുടെ കുടുംബ വാർഷിക വരുമാനം 12.000/- രൂപയാണ് എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വാഭാവിക മരണത്തിനും, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനും സുരക്ഷിതമായ ഭാവിക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കാൻ വ്യവസ്ഥയില്ല. എന്നാൽ കുടുംബത്തിന്റെ പരിതാപകരമായ അവസ്ഥ അവരെ മാനുഷികമായ പരിഗണനയ്ക്ക് അർഹരാക്കുന്നു. അതുകൊണ്ട് തന്നെ ഇത് പ്രത്യേക കേസായി പരിഗണിക്കാവുന്നതാണ്.

3) ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ബഹു.മുഖ്യമന്ത്രി ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായി.

### തീരുമാനിക്കേണ്ട വിഷയം

1) സ്വാഭാവിക മരണത്തിനും, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനും സുരക്ഷിതമായ ഭാവിക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കാൻ വ്യവസ്ഥയില്ലെങ്കിലും കുടുംബത്തിന്റെ ദയനീയസ്ഥിതി പരിഗണിച്ച് ഒരു പ്രത്യേക കേസായി പരേതനായ ജോയിയുടെ (തടത്തരികത്ത് വീട്, കട്ടവാപാറ, പാലോട്, പച്ച പി.ഒ., നെടുമങ്ങാട്) മക്കളുടെ വിദ്യാഭ്യാസത്തിനും സുരക്ഷിത ഭാവിക്കും വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ, എങ്കിൽ എത്ര ?

2) കുട്ടികളെ സാമൂഹ്യനീതി വകുപ്പിന്റെ "സ്നേഹപൂർവ്വം പദ്ധതി"യിൽ ഉൾപ്പെടുത്തുവാനും കൂടാതെ പരേതനായ ജോയിയുടെ അമ്മയ്ക്ക് പെൻഷൻ നൽകുവാനും സാമൂഹ്യനീതി വകുപ്പിന് നിർദ്ദേശം നൽകാമോ ?